**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5859** **25-03-2025 - ൽ മറുപടിയ്ക്ക്**

**ലോക സാമ്പത്തിക ഫോറത്തിൽ കേരളത്തിന്റെ പങ്കാളിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ലോക സാമ്പത്തികഫോറത്തിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം സംസ്ഥാനത്തെ നിക്ഷേപസമാഹരണ പ്രവർത്തനങ്ങൾക്ക് എത്രമാത്രം നിർണ്ണായകമായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വ്യവസായ മേഖലയിൽ സംസ്ഥാനം കൈവരിച്ച മുന്നേറ്റങ്ങൾ സ്വിറ്റ്സർലാൻഡിലെ ദാവോസിൽ നടന്ന 55-ാമത് വേൾഡ് ഇക്കണോമിക് ഫോറത്തിൽ ചർച്ചകളിൽ എടുത്തുകാട്ടുന്നതിന് കേരള പ്രതിനിധി സംഘത്തിന് കഴിഞ്ഞിട്ടുണ്ട്. ബിസിനസ് പ്രമുഖർ, രാഷ്ട്രീയ നേതാക്കൾ, ആസൂത്രകർ, സാങ്കേതിക വിദഗ്ധർ എന്നിവരുമായി കേരള സംഘം ആശയവിനിമയം നടത്തി. എ ബി ഇൻബെവ്, ഗ്രീൻകോ, ഹിറ്റാച്ചി, ടിവിഎസ് ലോജിസ്റ്റിക്സ്, ജൂബിലന്റ്, ഭാരത് ഫോർജ്, എച്ച്സിഎൽ, സിഫി, വെൽസ്പൺ, ഇൻഫോസിസ്, വാരി, സുഹാന സ്പൈസസ് ഉൾപ്പെടെ 70 ഓളം കമ്പനി പ്രതിനിധികളോടും വ്യവസായ പ്രമുഖരോടും വൺ ടു വൺ ചർച്ച നടത്തുകയും ചെയ്തു.<br><br>വ്യവസായവകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി പങ്കെടുത്ത മുംബൈയിൽ നടന്ന പ്രത്യേകയോഗത്തിൽ കൊച്ചിയിലെ ഗ്രീൻഹൈഡ്രജൻവാലി പദ്ധതി ക്ലസ്റ്ററാക്കുന്ന കാര്യം ലോകസാമ്പത്തികഫോറവുമായി ചർച്ചനടത്തിയിരുന്നു. അക്കാര്യം ദാവോസിൽ വച്ച് വീണ്ടും വെഫുമായി ചർച്ച ചെയ്യുകയും തത്വത്തിൽ അംഗീകരിക്കുന്ന ക്ലസ്റ്ററിൽ കൊച്ചിയെ കൂടി ഉൾപ്പെടുത്തുമെന്ന് അറിയിച്ചിട്ടുള്ളതാണ്.<br><br>ബഹ്റൈൻ വ്യവസായമന്ത്രി, ധനമന്ത്രി, സുസ്ഥിരവികസനമന്ത്രിയും അതോടൊപ്പം റോയൽ കമ്മീഷൻ ചെയർമാനായ സൗദി പ്രതിനിധിസംഘവുമായി കേരളപവലിയനിൽ ചർച്ച നടത്തി. ഇതിനു തുടർച്ചയായി കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപ സംഗമത്തിൻ മേൽ രണ്ട് രാജ്യങ്ങളുടേയും വ്യവസായ വകുപ്പ് മന്ത്രിമാർ |

ഉൾപ്പെട്ട പ്രതിനിധി സംഘങ്ങൾ പങ്കെടുത്തുകൊണ്ട് നിരവധി നിക്ഷേപ സാധ്യത ഉറപ്പാക്കിയിട്ടുള്ളതാണ്.

സുസ്ഥിരവും സമഗ്രവുമായ വികസന സുസ്ഥിരവും സമഗ്രവുമായ വികസന ലക്ഷ്യങ്ങൾ ഉൾക്കൊണ്ട് പുരോഗതി കൈവരിക്കുന്ന കേരളത്തിന്റെ വ്യവസായ മാതൃകകയും വളർച്ചയും സാമൂഹിക പുരോഗതിയും സന്തുലിതമാക്കുന്ന നയങ്ങൾ വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്ന മാതൃകയും കാലാവസ്ഥാ വ്യതിയാന വെല്ലുവിളികൾ നേരിടുന്ന കാലത്ത് ജനങ്ങളെ പിന്തുണച്ചുകൊണ്ടും പരിസ്ഥിതിക്ക് ദോഷം വരുത്താതെയുമുള്ള വ്യവസായ മാതൃകയും എക്കണോമിക് ഫോറത്തിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്.

'വി ആർ ചേഞ്ചിങ് ദ നേചർ ഓഫ് ബിസിനസ്' എന്ന പ്രമേയം ഉൾക്കൊള്ളുന്ന ഡബ്ല്യുഇഎഫിലെ ഇന്ത്യ പവലിയന്റെ ഭാഗമായി സജ്ജീകരിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് പവലിയൻ ആദ്യ ദിവസം മുതൽ സന്ദർശകരെയും നിക്ഷേപകരെയും ആകർഷിച്ചു. സർക്കാരിന്റെ പുതിയ വ്യാവസായിക നയത്തിൽ നിക്ഷേപകർ താൽപര്യം പ്രകടിപ്പിച്ചു. ഇത് കേരളത്തിന്റെ നിക്ഷേപ മേഖലയിൽ വലിയ സ്വാധീനം ചെലുത്തും. ആദ്യമായാണ് ഡബ്ല്യുഇഎഫിൽ കേരളം പവലിയൻ ഒരുക്കിയത്. സൗദി അറേബ്യ, ബഹറിൻ, സ്വിറ്റ്സർലാൻഡ് ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്നുള്ള വ്യവസായ പ്രമുഖരുമായി ബഹുമാനപ്പെട്ട വ്യവസായ മന്ത്രി കേരള പവലിയനിൽ ചർച്ച നടത്തുകയും കേന്ദ്ര മന്ത്രിമാർക്കും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള മുഖ്യമന്ത്രിമാർക്കുമൊപ്പം പാനൽ ചർച്ചകളിലും സംയുക്ത വാർത്താ സമ്മേളനത്തിലും അദ്ദേഹം പങ്കെടുക്കുകയുമുണ്ടായി.

ഡബ്ല്യു.ഇ.എഫിൽ കേരളം ശക്തമായ സാന്നിധ്യം പ്രകടിപ്പിച്ചു. സുപ്രധാന നിക്ഷേപ കേന്ദ്രമാക്കി സംസ്ഥാനത്തെ മാറ്റുന്നതിന് നടത്തിയ നയ സംരംഭങ്ങളും പരിഷ്കാരങ്ങളും ദാവോസിൽ ഫലപ്രദമായി പ്രദർശിപ്പിച്ചു. കൂടാതെ കേരളത്തിന്റെ വ്യവസായ മേഖലയെ കുറിച്ചുള്ള മുൻവിധികളും അനുമാനങ്ങളും മാറ്റുന്നതിലും സമ്മേളനം നിർണായകമായി. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ ഒന്നാമതെത്തിയ കേരളത്തിന്റെ നേട്ടത്തെ മറ്റ് സംസ്ഥാനങ്ങളിലെ പ്രതിനിധികൾ എടുത്തുകാട്ടി.

കേരളത്തിന്റെ പുതിയ വ്യാവസായിക നയത്തിന്റെ ഭാഗമായുള്ള മാറ്റങ്ങളെ ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു ഉൾപ്പെടെയുള്ള പ്രമുഖർ

| | | | |
|---|---|---|---|
| | | | ഡബ്ല്യുഇഎഫിലെ സംയുക്ത വാർത്താസമ്മേളനത്തിൽ പ്രശംസിക്കുകയുണ്ടായി.<br><br>നാല് പാനൽ ചർച്ചകളിൽ പങ്കെടുത്ത കേരള പ്രതിനിധി സംഘാംഗങ്ങൾ സംസ്ഥാനത്തിന്റെ വിജ്ഞാന സമ്പദ് വ്യസ്ഥയിലേക്കുള്ള പരിവർത്തനത്തെയും ഇ-ഗവേണൻസ് ഭരണതലത്തിൽ വരുത്തിയ ഗുണപരമായ മാറ്റങ്ങളും വിശദീകരിച്ചു. ഐടി, സ്പേസ് ടെക്, മെഡിക്കൽ ഡിവൈസ്, ഹെൽത്ത് കെയർ, മാരിടൈം, ടൂറിസം, സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യസംസ്കരണം, സുഗന്ധവ്യഞ്ജനങ്ങൾ, സമുദ്രോത്പന്ന സംസ്കരണം എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ കേരളം ആകർഷകമായ നിക്ഷേപ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നുവെന്നും എംഎസ്എംഇ മേഖലയിൽ സംസ്ഥാനം വലിയ കുതിച്ചുചാട്ടം നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കി. സംസ്ഥാനത്തിലെ ശ്രദ്ധേയമായ വ്യവസായ പദ്ധതികൾ, സാങ്കേതിക മുന്നേറ്റങ്ങൾ എന്നിവ ലോക സാമ്പത്തികഫോറത്തിൽ എടുത്തുകാട്ടാൻ സാധിച്ചു, അതുവഴി വിവിധ രാജ്യങ്ങളിൽ നിന്നുള്ള നിക്ഷേപകരെ സംസ്ഥാനത്തിന്റെ ആഗോള നിക്ഷേപക ഉച്ചകോടിയിലേക്ക് കൊണ്ടുവരുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | വ്യവസായമേഖലയിൽ സംസ്ഥാനം നേടിയിട്ടുള്ള പുരോഗതി ഒരു ആഗോളഫോറത്തിൽ ചർച്ചയായി എന്നത് സംസ്ഥാനത്ത് നടത്തിയ ആഗോള നിക്ഷേപക ഉച്ചകോടിയുടെ വിജയകരമായ നടത്തിപ്പിന് കാരണമായിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | (എ) പിരിവിനുള്ള മറുപടി കണ്ടാലും |
| (സി) | ലോക സാമ്പത്തികഫോറത്തിൽ പങ്കെടുത്ത ഇതര സംസ്ഥാനങ്ങളിലെ പ്രതിനിധികൾ കേരളത്തിന്റെ നേട്ടങ്ങളെ അഭിനന്ദിക്കുകയുണ്ടായോ; പ്രസ്തുത നേട്ടത്തിന് ആധാരമായ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ? | (സി) | (എ) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ